"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം മുൻ സെക്രട്ടറി ശ്രീ. എസ്. ജയകുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ.(സാധാ) നം.2463/2019/ത:സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/11/2019

പരാമർശം:- 1 വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.07.2017 തീയതിയിലെ ഇ 26 (ക്യു.വി.51/ 16/ റ്റി.എസ്.ആർ) 41961/16/ യു.എ.എസ്. നമ്പർ കത്ത്.

2 തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം മുൻ സെക്രട്ടറി ശ്രീ.എസ്. ജയകുമാറിന് നൽകിയ 18.01.2018 തീയതിയിലെ തസ്വഭവ-ഇ.യു.1/399/2017-ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീ.എസ്. ജയകുമാർ സമർപ്പിച്ച 27.03.2018 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 12.04.2018, 01.11.2018 തീയതികളിലെ വി.3-4678/18 നമ്പർ കത്തുകൾ.

5 06.07.2018തീയതിയിലെ സ.ഉ.(സാധാ.) നം.1855/2018/ത.സ്വ.ഭ.വ.

ഉത്തരവ്

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റൻറ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ എസ്. ജയകുമാർ വൈദ്യുതി വിഭാഗത്തിലെ ജൂനിയർ അസിസ്റ്റൻറ് തസ്തികയിലേക്ക് അനധികൃതമായി താല്ക്കാലിക നിയമനം നൽകി എന്നുള്ള ആരോപണം ഉന്നയിച്ച് ബഹുമാനപ്പെട്ട തൃശ്ശൂർ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതി മുൻപാകെ ശ്രീ അനൂപ് സമർപ്പിച്ച അന്യായത്തിന്മേൽ ഒരു പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റ് സത്വരാന്വേഷണം നടത്തി ബഹു.കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ നടത്തിയ സത്വരന്വേഷണത്തിൽ ജൂനിയർ അസിസ്റ്റൻറ് തസ്തികയിലെ

ഒഴിവുകളിലേയ്ക്ക് പി.എസ്.സി വഴി സ്ഥിരം നിയമനം നടത്തുന്നതിന് നിയമനാധികാരിയായ നഗരകാര്യ ഡയറക്ടറെ അറിയിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും താത്ക്കാലിക നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ലായെന്നും നേരിട്ട് നിയമനം നടത്തുന്നതിന് വേണ്ടത്ര പരസ്യം നൽകി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ചതായി കാണുന്നില്ല എന്നും ഒഴിവുകൾ യഥാസമയം പി.എസ്.സി/എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ അറിയിക്കുന്നതിൽ സർക്കാരിന്റെ കാലാകാലങ്ങളിലെ നിർദ്ദേശങ്ങളും പാലിക്കപ്പെട്ടതായി കാണുന്നില്ല എന്ന് കണ്ടെത്തിയിതിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്.ജയകുമാറിന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകി. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.എസ്. ജയകുമാർ പരാമർശം 3 പ്രകാരം മറുപടി സമർപ്പിച്ചിരുന്നു. ആരോപണങ്ങളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പരാമർശം 5 പ്രകാരം നഗരകാര്യ ജോയിന്റ് ഡയറക്ടർ ശ്രീ.ബലരാജിനെ ചുതലപ്പെടുത്തിയിരുന്നു.

2. 2014-ൽ നിലവിൽ വന്ന പി.എസ്.സി ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് അനധികൃതമായി താൽക്കാലിക നിയമനം നൽകി എന്നുള്ള ആരോപണമുന്നയിച്ച് ബഹു.തൃശ്ശൂർ എൻക്വയറി കമ്മീഷണർ &സ്പെഷ്യൽ ജഡ്ജ്, കോടതി മുൻപാകെ സമർപ്പിച്ച അന്യായത്തിന്മേൽ ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റ് നടത്തിയ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകളിൽ ആദ്യത്തേത് ജൂനിയർ അസിസ്റ്റൻറ് തസ്തികയിലെ ഒഴിവുകളിലേക്ക് പി.എസ്.സി. വഴി സ്ഥിര നിയമനം നൽകുന്നതിന് നിയമനാധികാരിയായ നഗരകാര്യ ഡയറക്ടറെ അറിയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലായെന്നതാണ്. ആയത് കൊച്ചി നഗരകാര്യ മേഖലാ ജോയിൻറ് ഡയറക്ടർ പരിശോധിച്ചതിൽ 2014-ൽ ലിസ്റ്റ് നിലവിൽ വന്നെങ്കിലും തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റൻറ് സെക്രട്ടറിയുടെ 05.08.2016- ലെ ഇ.2(2)-1795/16 നമ്പർ കത്ത് പ്രകാരമാണ് വൈദ്യുതി വിഭാഗത്തിലെ മുഴുവൻ ഒഴിവുകളും നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഒഴിവുകളിൽ എത്രയും വേഗം നിയമനം നടത്തുന്നതിന് അപേക്ഷിച്ചിട്ടുള്ളതുമെന്ന് കണ്ടെത്തിയിരുന്നു. ആയതിൽ 12 ജൂനിയർ അസിസ്റ്റന്റുമാരുടെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. 2006-ലെ നഗരസഭാ കൗൺസിൽ 23 ജൂനിയർ അസിസ്റ്റന്റ് തസ്തിക 10 ആയി കുറച്ച് തീരുമാനമെടുത്ത് സർക്കാരിന് നൽകിയിരുന്നെങ്കിലും സർക്കാരിൽ നിന്നും തീരുമാനം ഉണ്ടാകാത്ത സാഹചര്യത്തിലും, 2003-ലെ വൈദ്യുതി ബോർഡിന്റെ ശമ്പള പരിഷ്ക്കരണ ഉത്തരവ് 2009-ൽ പുറപ്പെടുവിച്ചതിൽ നിലവിലെ സ്റ്റാഫ് പാറ്റേൺ തുടരാവുന്നതാണെന്ന് വ്യക്തമാക്കിയതിനാലാണ് 23 ജൂനിയർ അസിസ്റ്റൻറ് തസ്തികകൾ ഉണ്ടെന്ന് നിഗമനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നത്. ആയതിന് 2017-ൽ നഗരസഭാ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം വൈദ്യുതി

വിഭാഗത്തിന്റെ ഒഴിവു വിവരം സർക്കാർ അംഗീകരിച്ചാൽ 2014-ലെ പി.എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ആവലാതിക്ക് അശ്വാസമാകുമെന്നും വിലയിരുത്തുന്നതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ വിവരിച്ച വസ്തുതാപരമായ വിവരണത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തിക്കൊണ്ട് പോകുന്നതിന് ഭരണ നിർവ്വഹണ അധികാരിയായ കോർപ്പറേഷൻ മേയറുടെ നിർദ്ദേശത്തിന്റേയും കൗൺസിൽ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ദിവസവേതന ജീവനക്കാരെ താൽക്കാലികമായി നിയമിച്ച നടപടിയിൽ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെയും ഇതു മൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും, മറിച്ച് വൈദ്യുതി വിഭാഗത്തിന് സാമ്പത്തിക ലാഭം ഉണ്ടായിട്ടുള്ളതായും കണ്ടിരുന്നു. 2014-ന് മുമ്പും വിജിലൻസ് അന്വേഷണം നടത്തിയ 08.12.16-ന് ശേഷവും താൽക്കാലിക തൊഴിലാളികളെ മേൽ പറഞ്ഞ രീതിയിൽ തന്നെയാണ് നിയമനം നടത്തിയിട്ടുള്ളതെന്ന വസ്തുത കണക്കിലെടുത്തും ഓഫീസ് മേധാവി എന്ന നിലയിൽ തൃശ്ശൂർ വൈദ്യുതി വിഭാഗം അസിസ്റ്റൻറ് സെക്രട്ടറിയായിരുന്ന ശ്രീ എസ്. ജയകുമാറിന്റെ മേൽ പ്രവൃത്തി സ്ഥാപനത്തിന്റെ ഉത്തമ താല്പര്യം മുൻനിർത്തിയാണെങ്കിലും താൽക്കാലിക ജീവനക്കാരെ തുടരുവാൻ അനുവദിച്ചതും ജൂനിയർ അസിസ്റ്റൻറ് തസ്തികയിലെ ഒഴിവുകൾ യഥാസമയം നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതും ശ്രീ.എസ്.ജയകുമാറിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

4. മേൽ സാഹചര്യത്തിൽ, കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എസ്. ജയകുമാർ സമർപ്പിച്ച മറുപടിയുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ തൃശ്ശൂർ നഗരസഭാ വൈദ്യുതി വിഭാഗം അസിസ്റ്റൻറ് സെക്രട്ടറിയായിരുന്ന ശ്രീ.എസ്.ജയകുമാറിനെതിരായ അച്ചടക്കനടപടി, ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലപ്രാബല്യമില്ലാതെ ഒരു വർഷത്തേക്കു തടഞ്ഞു കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ് ഷൻ ബ്യൂറോ , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. എസ്. ജയകുമാർ, തൃശ്ശൂർ നഗരസഭാ വൈദ്യുതി വിഭാഗം മുൻ അസിസ്റ്റന്റ് സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ